GOVERNMENT OF KERALA

AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

Editor Farm News – Dr. Amritha V.S

# എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 27/09/2026

1. സർക്കാരിന്റെ 100 ദിന പരിപാടിയുടെ ഭാഗമായി കർഷക സുരക്ഷ വന്യമൃഗ സംഘർഷ ലഘൂകരണ കോൺക്ലേവ് ഈ മാസം 29 ന് കോഴിക്കോട് ജില്ലയിലെ തിരുവമ്പാടിയിൽ വെച്ച് സംഘടിപ്പിക്കുന്നു. വന്യമൃഗങ്ങളെ കൃഷിയിടങ്ങളിൽ നിന്നും അകറ്റുന്നതിനുള്ള വിവിധ മാർഗ്ഗങ്ങളെക്കുറിച്ച് അപഗ്രഥിക്കുന്ന ഈ കോൺക്ലേവ് രാവിലെ 9.30 മുതൽ വൈകുന്നേരം 5.00 മണി വരെയാണ് സംഘടിപ്പിക്കുന്നത്.
2. കേരള കാർഷിക സർവ്വകലാശാലയുടെ മണ്ണുത്തിയിലുള്ള വിജ്ഞാന വ്യാപന ഡയറക്ടറേറ്റിന് കീഴില് പുതിയതായി ഈ വർഷം മുതൽ ആർ.എഫ് മോഡിൽ ആരംഭിക്കുന്ന പി.ജി.ഡിപ്ലോമ ഇൻ ഫാം

ജേർണലിസം ആൻഡ് വിഷ്വൽ കമ്മ്യൂണിക്കേഷൻ കോഴ്സിലേക്ക് 2026-27 അധ്യയന വർഷത്തിലേക്കുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. യോഗ്യത, പ്രവേശന രീതി, ഫീസ് തുടങ്ങിയ വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും www.admissions.kau.in എന്ന സർവകലാശാല വെബ് പോർട്ടൽ സന്ദർശിക്കുക. അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി ഒക്ടോബർ 15. കൂടുതൽ വിവരങ്ങൾക്ക് 0487-243-8139 എന്ന നമ്പരിൽ ഓഫീസ് സമയത്ത് ബന്ധപ്പെടാവുന്നതാണ്.

3. 2026 -ൽ റബർത്തോട്ടങ്ങളിൽ റെയിൻഗാർഡിങ്ങും സ്പ്രേയിങ്ങും നടത്തിയതിനുള്ള ധനസഹായത്തിന് റബ്ബറുത്പാദക സംഘങ്ങൾക്ക് അപേക്ഷിക്കാം. പരമ്പരാഗത മേഖലയിലും പാരമ്പര്യേതര മേഖലയിലും ഉള്ളവർക്ക് മാത്രമേ സ്പ്രേയിങ് നടത്തിയതിനുള്ള ധനസഹായത്തിന് അർഹതയുള്ളൂ. റബ്ബർബോർഡ് വെബ് സൈറ്റിലുള്ള 'സർവ്വീസ്പ്ലസ്' പോർട്ടൽ വഴി ഒക്ടോബർ 15 വരെ സംഘങ്ങൾക്ക് ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷയോടൊപ്പം ആവശ്യമായ രേഖകളും അപ് ലോർഡ് ചെയ്യേണ്ടതാണ്. ഹെക്ടർ ന് പരാമാവധി 4000 രൂപാ വീതമാണ് ധനസഹായം. വിശദവിവരങ്ങൾക്ക് റബ്ബർബോർഡിന്റെ വെബ് സൈറ്റായ www.rubberboard.gov.in സന്ധർശിക്കുകയോ, റബ്ബർബോർഡ് റീജിയണൽ ഓഫീസുകൾ, ഫീൽഡ് സ്റ്റേഷനുകൾ

വഴിയോ കേന്ദ്ര ഓഫീസിൽ പ്രവർത്തിക്കുന്ന 0481-2576622 എന്ന കോൾസെന്റർ നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യാവുന്നതാണ്.

4. കേരള കാർഷിക സർവകലാശാലക്ക് കീഴിലുള്ള വെള്ളാനിക്കര കാർഷിക കോളേജിലെ ഫ്ലോറികൾച്ചർ ഡിപ്പാർട്മെന്റിൽ ചെമ്പരത്തി, മുസാണ്ട(മഞ്ഞ), പെന്റാസ്(വിവിധനിറങ്ങൾ), ചെത്തികൾ, ലന്റാന (പിങ്ക് ), മുല്ല, പത്തുമണി എന്നീ ചെടികൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9607585594, 8547254010 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

5. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള വെള്ളായണി, പടന്നക്കാട്, അമ്പലവയൽ എന്നീ കാർഷിക കോളേജുകളിൽ ഈ അധ്യയന വർഷം (2026-27) മുതൽ റിവോൾവിംഗ് ഫണ്ട് രീതിയിൽ അധിക ബാച്ചായി ആരംഭിക്കുന്ന ബി.എസ്.സി.(ഓണേഴ്സ്) ഹോർട്ടിക്കൾച്ചർ കോഴ്സിലേക്ക് അപേക്ഷിക്കുന്നതിനുള്ള അവസാന തിയ്യതി സെപ്റ്റംബർ 30 വരെ നീട്ടിയിരിക്കുന്നു. യോഗ്യത, പ്രവേശന രീതി, ഫീസ് തുടങ്ങിയ വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും www.admissions.kau.in എന്ന സർവ്വകലാശാല വെബ് പോർട്ടൽ സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക് 0487-

2438139 എന്ന ഫോൺ നമ്പരിൽ ഓഫീസ് സമയത്ത് ബന്ധപ്പെടാവുന്നതാണ്.

6. പാമ്പാടി ഈസ്റ്റ് ആർ.പി.എസി ന്റെ ആഭിമുഖ്യത്തിൽ റബർബോർഡ് ഒക്ടോബർ 5 മുതൽ 15 വരെ ചെന്നംപള്ളിയിൽ സൗജന്യ റബർ ടാപ്പിങ് പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താൽപര്യമുള്ളവർ സെപ്റ്റംബർ 30 ന് മുൻപായി 9495928077 എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.